# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2413 — 19.06.2013 - ൽ മറുപടിക്ക്

### കുടിവെള്ള വിതരണത്തിന് ഇടത്തരം ശുദ്ധജല പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. സണ്ണി ജോസഫ് | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കുടിവെള്ള വിതരണത്തിന് ഇടത്തരം ശുദ്ധജല പദ്ധതികൾ കമ്മീഷൻ ചെയ്യുന്നതിന് നടപടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ഇടത്തരം ശുദ്ധജലവിതരണ പദ്ധതികൾ കമ്മീഷൻ ചെയ്യുന്നതിന് നടപടി ആവിഷ്കരിച്ചിട്ടുണ്ട്. കേരള ജല അതോറിറ്റിയുടെ കീഴിൽ പദ്ധതികൾക്ക് അംഗീകാരം കൊടുത്തു കമ്മീഷൻ ചെയ്യുന്നതിനുള്ള പ്രവൃത്തികൾ ധ്രുതഗതിയിൽ നടന്നു വരുന്നു. |
| (ബി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ ; | (ബി) | എം.പി.ഫണ്ട്, എം.എൽ.എ ഫണ്ട്, മറ്റു സ്വയംഭരണ സ്ഥാപനങ്ങൾ, കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ ഫണ്ട്, കേന്ദ്ര സംസ്ഥാന വിഹിതം, സ്റ്റേറ്റ് പ്ലാൻ സ്കീം, എസ്.സി-എസ്.ടി ഫണ്ട് എന്നിവയുടെ ധനസഹായത്തോടെയാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കി വരുന്നത്. മേൽ പ്പറഞ്ഞ വകുപ്പുകൾക്ക് പുറമെ കെ.ആർ. ഡബ്ല്യൂ.എസ്.എ , ജലനിധി എന്നീ ഏജൻസികളുമായി സഹകരിച്ചും ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. |
| (സി) | ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (സി) | വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി, ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി, ടെണ്ടറുകൾ ക്ഷണിച്ച് പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ